(എ) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്ത് കേന്ദ്രസഹായം അനുവദിക്കുന്നതിന് നിലവിലുള്ള സംവിധാനത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇതു സംബന്ധിച്ചു കേന്ദ്രഗവൺമെന്റ് നിയോഗിച്ച കമ്മിറ്റിയെ സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം അറിയിച്ചിട്ടുണ്ടോ;

(സി) പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന ദുരിതങ്ങൾക്ക് ആശ്വാസം നൽകാൻ സംസ്ഥാനത്തിന് പ്രത്യേക ദുരിതാശ്വാസനിധി രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) അതാതു കാലത്തുള്ള കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ചാണ് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്തിന് കേന്ദ്ര സഹായം അനുവദിക്കുന്നത്. 1995-2000-മാണ്ടിലേയ്ക്കുള്ള 10-ാം ധനകാര്യകമ്മീഷന്റെ സംവിധാനത്തിൽ മാറ്റം ഒന്നും വരുത്തിയിട്ടില്ല.

(ബി) 3.7.1998-ൽ നിലവിൽ വന്ന 2000-2005 കാലത്തേക്കുള്ള 11-ാം ധനകാര്യ കമ്മീഷൻ മുൻപാകെ 10-ാം കമ്മീഷന്റെ ശുപാർശകളിൽ വരുത്തേണ്ട മാറ്റത്തെപ്പറ്റി ഗവൺമെന്റിന്റെ അഭിപ്രായം അറിയിച്ചിട്ടുണ്ട്.

(സി) ഇല്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ നടപടി

1 (2057)ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. പാലോട് രവി :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ വ്യവസായമന്ത്രി വിദേശ സന്ദർശനം നടത്തിയപ്പോഴും വിദേശപര്യടനം കഴിഞ്ഞ് തിരിച്ചെത്തിയപ്പോഴും എന്തെല്ലാം പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനെപ്പറ്റി പരാമർശിച്ചിരുന്നു;

(ബി) വിദേശപര്യടനം നടത്തിയ മന്ത്രി വിദേശപര്യടന വേളയിൽ ഏതെല്ലാം വ്യവസായ സംരംഭകരുമായി സംസ്ഥാനത്ത് വ്യവസായം നടത്തുന്നതു സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ട്;

(സി) ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുവാൻ അവർ തയ്യാറായിട്ടുണ്ടോ;

(ഡി) എങ്കിൽ ആരെല്ലാം എന്തെല്ലാം വ്യവസായങ്ങൾ സ്ഥാപിക്കാനാണ് തയ്യാറായിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) വ്യവസായ വകുപ്പുമന്ത്രി 1998 ഏപ്രിൽ മാസം ഈജിപ്റ്റും, 1998 ഒക്ടോബർ മാസം വിയറ്റ്നാമും സന്ദർശിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്ന അന്താരാഷ്ട്ര പ്രദർശനങ്ങളിൽ പങ്കെടുക്കുക എന്നതായിരുന്നു സന്ദർശനങ്ങളുടെ പ്രധാന ലക്ഷ്യം. പ്രദർശനത്തിന്റെ ഫലമായി പങ്കെടുത്ത പല കമ്പനികൾക്കും വിദേശ ഓർഡറുകൾ ലഭിക്കുകയുണ്ടായി. ഈ സന്ദർശനവേളയിൽ എ.റ്റി.ആന്റ് ഇ. ഗ്രൂപ്പ് പ്രതിനിധികൾ, ലക്സാന(ടൂവീലർ മാനുഫാക്ചറേഴ്സ് അസോസിയേഷൻ)ന്റെ എം.ഡി., ഡയറക്ടർ ഓഫ് ഡിഫൻസ്, വൈസ് മിനിസ്റ്റർ (പ്ലാനിംഗ് ആന്റ് ഇൻവെസ്റ്റ്മെന്റ്) ഇൻഡ്യൻ അംബാസിഡർ എന്നിവരുമായി ബിസിനസ്സ് സംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി. വിയറ്റ്നാം സന്ദർശന ഫലമായി ടെൽക്കിന് എട്ടു കോടി രൂപയുടെ വിദേശ ഓർഡർ ലഭിക്കുകയുണ്ടായി. വിയറ്റ്നാമിലേക്കുള്ള യാത്രാമദ്ധ്യേ സിംഗപ്പൂർ ട്രേഡ് ഡവലപ്മെന്റ് ബോർഡ് അധികാരികളുമായും സിംഗപ്പൂർ ഇൻഡ്യ ചേംബർ ഓഫ് കൊമേഴ്സ് ഭാരവാഹികളുമായും കേരളത്തിൽ കമ്പ്യൂട്ടർ, സോഫ്റ്റ് വെയർ, മിനറൽ ബേസ്ഡ് ഇൻഡസ്ട്രി എന്നിവ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുകയുണ്ടായി.

(സി)&(ഡി) ഉണ്ട്. ജിയോലോജിക് സോഫ്റ്റ് വെയർ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി സോഫ്റ്റ് വെയർ വ്യവസായം സ്ഥാപിച്ചിട്ടുണ്ട്.

വ്യവസായ നയം

2 (2058)ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറിന്റെ വ്യവസായ നയം പ്രഖ്യാപിച്ചശേഷം എത്ര വിദേശികളും സ്വദേശികളുമായ വ്യവസായ സംരംഭകർ പുതിയ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ട്;

(ബി) ആരെല്ലാമാണ് ഇക്കാര്യത്തിനായി സമീപിച്ചിട്ടുള്ളത്;

(സി) എന്തെല്ലാം വ്യവസായങ്ങൾ സ്ഥാപിക്കുവാനാണ് അവർ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ)&(ബി) കിൻഫ്രയുടെ തിരുവനന്തപുരത്തും കൊച്ചിയിലുമുള്ള പാർക്കുകളിൽ വ്യവസായം തുടങ്ങുന്നതിനുവേണ്ടി താല്പര്യം പ്രകടിപ്പിച്ചിക്കൊണ്ട് പേർ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ വിവരം അനുബന്ധമായി നൽകിയിരിക്കുന്നു. കൂടാതെ ചെറുകിട വ്യവസായ പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുവാൻ സ്ഥലം ആവശ്യപ്പെട്ടുകൊണ്ട് ഏകദേശം 200-ഓളം വ്യവസായ സംരംഭകർ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. വ്യവസായനയം പ്രഖ്യാപിച്ചതിനുശേഷം ടെക്നോപാർക്കിൽ പ്രവർത്തനം ആരംഭിച്ച കമ്പനികൾ താഴെപറയുന്നവയാണ്.

1. ജിയോലോജിക് ഇൻഡ്യ ലിമിറ്റഡ്
2. ഹെൽത്തു കെയർ മീഡിയ ഇൻഡ്യ ലിമിറ്റഡ്
3. ഇൻഡ്സോഫ്റ്റ് ഇൻഫോ ടെക്.
4. ടൂൺസ് ഇൻഡ്യ

LIBRARY ARCHIVES Kerala Legislative Assembly